മാതൃഭൂമി
18 March 2026

# സീമൗണ്ട് മത്സ്യങ്ങൾ: ഗവേഷണവുമായി സി.എം.എഫ്.ആർ.ഐ.




ആഴക്കടൽ ഗവേഷണത്തിന്റെ ഭാഗമായി എഫ്.വി. സിൽവർ പോംപാനോ ഗവേഷണയാനത്തിൽ ആദ്യഘട്ട പര്യവേക്ഷണത്തിലേർപ്പെട്ട സി.എം.എഫ്.ആർ.ഐ. സംഘം

**കൊച്ചി** ▸ അറബിക്കടലിന്റെ അടിത്തട്ടിൽ ഉയർന്നുനിൽക്കുന്ന മലകളോട് (സീമൗണ്ട്) ചേർന്ന് കാണപ്പെടുന്ന മത്സ്യങ്ങളെക്കുറിച്ചുള്ള പഠനത്തിന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). കൂന്തൽ, കണവ, നീരാളി തുടങ്ങിയ മത്സ്യയിനങ്ങളുടെ ലഭ്യതയും ജൈവവൈവിധ്യവുമാണ് പഠനവിധേയമാക്കുക. ആഴക്കടലിലെ ഇത്തരം മത്സ്യയിനങ്ങളെ കൃത്യമായി മനസ്സിലാക്കാനും അതുവഴി അവയുടെ സംരക്ഷണത്തിന് നടപടികൾ ആവിഷ്കരിക്കാനും പഠനം സഹായിക്കുമെന്ന് ഗവേഷണ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററായ ഡോ. ഗീത ശശികുമാർ പറഞ്ഞു. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ധനസഹായത്തോടെ രണ്ടുവർഷം നീണ്ടുനിൽക്കുന്ന 4.9 കോടി രൂപയുടെ ഗവേഷണ പദ്ധതിക്കാണ് സി.എം.എഫ്.ആർ.ഐ. തുടക്കമിട്ടത്.

## സീമൗണ്ട്

കടൽ അടിത്തട്ടിൽനിന്ന് 100 മീറ്ററിലധികം ഉയരമുള്ളതാണ് സീമൗണ്ടുകൾ അഥവാ കടലിനടിയിലെ മലകൾ. സമുദ്രോപരിതലത്തിന് താഴെയും സമുദ്രത്തിനടിയിലുമായി കാണപ്പെടുന്ന വൈവിധ്യമാർന്ന ജീവജാലങ്ങളുടെ കേന്ദ്രങ്ങളായിട്ടാണ് ഇവയെ കണക്കാക്കുന്നത്.